**ഇന്ത്യൻ ഭൂമിശാസ്ത്രം**

ഇന്ത്യയുടെ ഭൂപ്രകൃതിയെ നമ്മുക്ക് അഞ്ച് വിഭാഗങ്ങൾ ആയി തരം തിരിക്കാം.

1)ഉത്തരപർവതമേഖല

2)ഉത്തരമഹാസമതലം

3)ഉപദ്വീപീയ പീഠഭൂമി

4)തീരപ്രദേശങ്ങൾ

5)ദ്വീപുകൾ

- **ഉത്തരപർവതമേഖല**

ഉത്തരപർവതമേഖലയെ ആ മേഖലയിൽ സ്ഥിതി ചെയ്യുന്ന പർവതനിരകളുടെ അടിസ്ഥാനത്തിൽ 3 വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

●ട്രാൻസ് - ഹിമാലയൻ നിരകൾ

●ഹിമാലയൻ നിരകൾ

●പൂർവാചൽ/കിഴക്കൻ മലനിരകൾ

❖ **ട്രാൻസ് - ഹിമാലയൻ നിരകൾ**

- ജമ്മു & കാശ്മീരിൻ്റെയും ലഡാക്കിന്റെയും വടക്കും, വടക്ക് കിഴക്കുമായി സ്ഥിതി ചെയ്യുന്ന പർവതമേഖല ആണ് - ട്രാൻസ് ഹിമാലയം
- ട്രാൻസ് ഹിമാലയത്തിൻ്റെ ഭാഗമായിട്ടുള്ള ഇന്ത്യൻ കേന്ദ്രഭരണ പ്രദേശങ്ങൾ - ജമ്മുകാശ്മീർ, ലഡാക്ക്
- ട്രാൻസ്-ഹിമാലയൻ നിരയിൽ ഉൾപ്പെടുന്ന പ്രധാന പർവതനിരകൾ - കാരക്കോറം, ലഡാക്ക്, സസ്കർ
- സസ്കർ പർവതനിരയിൽ സ്ഥിതി ചെയ്യുന്ന പ്രധാന ചുരങ്ങൾ - ഷിപ്കില, ലിപുലേഖ്, മനചുരം
- ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി - ഗോഡ്വിൻ ആസ്റ്റിൻ (മൗണ്ട് K2, 8611 മീറ്റർ)
- മൗണ്ട് K2 (ഗോഡ്വിൻ ആസ്റ്റിൻ) സ്ഥിതി ചെയ്യുന്ന പർവതനിര - കാരക്കോറം
- ട്രാൻസ് ഹിമാലയത്തിന് വടക്കായി സ്ഥിതി ചെയ്യുന്ന പർവതനിര - കാരക്കോറം
- ഇന്ദിരാകോൾ (ഇന്ത്യയുടെ വടക്കേ അറ്റം) സ്ഥിതിചെയ്യുന്ന മലനിര - കാരക്കോറം
- അഫ്ഗാനിസ്ഥാൻ, ചൈന എന്നീ രാജ്യങ്ങളുമായി ഇന്ത്യയ്ക്ക് അതിർത്തിയായി നിലകൊള്ളുന്ന പർവതനിര - കാരക്കോറം

- 'കൃഷ്ണഗിരി' എന്ന് സംസ്കൃത കൃതികളിൽ പരാമർശിച്ചിരിക്കുന്ന പർവതനിര - കാരക്കോറം
- റുഡ്യാർഡ് കിപ്ലിംഗ്ൻ്റെ 'കിം' എന്ന നോവലിൽ പരാമർശിച്ചിരിക്കുന്ന പർവതനിര - കാരക്കോറം
- ഇന്ത്യയിൽ ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പീഠഭൂമി - ലഡാക്ക്
- ഇന്ത്യയിലെ തണുത്ത മരുഭൂമി, ലിറ്റിൽ ടിബറ്റ് എന്നിങ്ങനെ അറിയപ്പെടുന്ന പ്രദേശം - ലഡാക്ക്
- ലഡാക്കിന്റെ കവാടം എന്നറിയപ്പെടുന്ന പ്രദേശം - ദ്രാസ്
- ഇന്ത്യയിൽ ഏറ്റവും തണുപ്പ് അനുഭവപ്പെടുന്ന പ്രദേശം - ദ്രാസ്
- കൈലാസം കൊടുമുടി സ്ഥിതിചെയ്യുന്ന രാജ്യം - തിബറ്റ്
- കൈലാസത്തെ തിബറ്റിൽ വിളിക്കുന്ന പേര് - കാങ്റിംപോച്ചെ

❖ **ഹിമാലയൻ നിരകൾ**

- ഇന്തോ ആസ്ട്രേലിയൻ ഫലകവും യുറേഷ്യൻ ഫലകവും തമ്മിൽ കൂട്ടിമുട്ടിയതിനെ തുടർന്ന് ഇവയ്ക്കിടയിൽ സ്ഥിതി ചെയ്തിരുന്ന തെഥീസ് സമുദ്രത്തിന്റെ അടിത്തട്ട് സമ്മർദത്താൽ മടങ്ങി ഉയർന്ന് രൂപപ്പെട്ട പർവതനിര - ഹിമാലയം

- പടിഞ്ഞാറ് സിന്ധു മുതൽ കിഴക്ക് ബ്രഹ്മപുത്ര വരെ ഏകദേശം 2400 km ദൂരം ഹിമാലയം വ്യാപിച്ച് കിടക്കുന്നു.

- ഹിമാലയ പർവതത്തിൻ്റെ വീതി ലഡാക്ക് ഭാഗത്ത് 400 km ഉം അരുണാചൽ പ്രദേശിൽ 150 km ഉം ആണ്.

- 'ഹിമാലയം' എന്ന വാക്കിനർത്ഥം - മഞ്ഞിന്റെ വാസസ്ഥലം
- ഹിമാലയം നിർമ്മിച്ചിരിക്കുന്ന ശിലകൾ - അവസാദശിലകൾ
- ലോകത്തിലെ ഏറ്റവും വലിയ പർവത നിര - ഹിമാലയം
- ലോകത്തിലെ ഏറ്റവും വലിയ മടക്കു പർവതം - ഹിമാലയം
- ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മടക്ക് പർവതം - ഹിമാലയം
- ഹിമാലയ പർവത രൂപീകരണ പ്രക്രിയകളുടെ ഫലമായി അപ്രത്യക്ഷമാവുകയും ഇപ്പോഴും ഭൂമിക്കടിയിലൂടെ ഒഴുകുകയും ചെയ്യുന്നു എന്നു വിശ്വസിക്കപ്പെടുന്ന നദി - സരസ്വതി നദി
- വേദകാലഘട്ടത്തിൽ ഒഴുകിയിരുന്ന സരസ്വതി നദിയുടെ പോഷകനദികൾ - സത്ലജ്, യമുന, ദൃഷാവതി
- ഹിമാലയവുമായി അതിർത്തി പങ്കിടുന്ന രാജ്യങ്ങൾ - ഇന്ത്യ, പാകിസ്ഥാൻ, ചൈന, നേപ്പാൾ, ഭൂട്ടാൻ, അഫ്ഗാനിസ്ഥാൻ, മ്യാൻമാർ, ബംഗ്ലാദേശ്

- ഹിമാലയത്തിൻ്റെ ഭാഗമായി വരുന്ന ഇന്ത്യൻ സംസ്ഥാനങ്ങളുടെ എണ്ണം 11 (ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, സിക്കിം, പശ്ചിമബംഗാൾ, മേഘാലയ, അസം, ത്രിപുര, മിസോറാം, മണിപ്പൂർ, നാഗാലാന്റ്, അരുണാചൽ പ്രദേശ്)

- ഹിമാലയത്തിൻ്റെ ഭാഗമായി വരുന്ന ഇന്ത്യൻ കേന്ദ്രഭരണപ്രദേശങ്ങളുടെ എണ്ണം - 2 (ജമ്മു & കാശ്മീർ, ലഡാക്ക്)

- ഹിമാലയം ഏറ്റവും കൂടുതൽ വ്യാപിച്ചു കിടക്കുന്ന ഇന്ത്യൻ സംസ്ഥാനം - അരുണാചൽ പ്രദേശ്
- ടിബറ്റൻ പീഠഭൂമിക്കും ഗംഗാ സമതലത്തിനും ഇടയിൽ സ്ഥിതി ചെയ്യുന്ന പർവ്വതനിര - ഹിമാലയം
- ഇന്ത്യൻ ഉപഭൂഖണ്ഡത്തെ ടിബറ്റൻ പീഠഭൂമിയിൽ നിന്നും വേർതിരിക്കുന്ന പർവ്വതനിര - ഹിമാലയം
- ഏഷ്യയുടെ 'വാട്ടർ ടവർ' എന്നറിയപ്പെടുന്ന ' പർവ്വതനിര - ഹിമാലയം
- ഹിമാലയം നിർമ്മിച്ചിരിക്കുന്ന ശിലകൾ - അവസാദശിലകൾ
- ഒരു ഭാഗത്ത് ഹിമാലയവും മറുഭാഗത്ത് സമുദ്രവും ഉള്ള ഏക ഇന്ത്യൻ സംസ്ഥാനം - പശ്ചിമബംഗാൾ

- **ഹിമാലയത്തിലെ മൂന്ന് സമാന്തര പർവതനിരകൾ :**

1) ഹിമാദ്രി (Greater Himalayas),
2) ഹിമാചൽ (Lesser Himalayas),
3) സിവാലിക് (Outer Himalayas)

- **ഹിമാദ്രി**

- ഹിമാലയത്തിലെ ഏറ്റവും ഉയരം കൂടിയ പർവത നിര - ഹിമാദ്രി
- ഹിമാദ്രിയുടെ ശരാശരി ഉയരം - 6000 മീറ്റർ
- ഹിമാലയത്തിന്റെ വടക്കേ അറ്റത്തുള്ള പർവതനിര - ഹിമാദ്രി

- ഗ്രേറ്റർ ഹിമാലയ, ഇന്നർ ഹിമാലയ എന്നീ പേരുകളിൽ അറിയപ്പെടുന്ന പർവത നിര - ഹിമാദ്രി
- "ഹിമാലയത്തിന്റെ നട്ടെല്ല്' എന്ന് വിശേഷിപ്പിക്കുന്ന ഏറ്റവും ഉയരമേറിയ പർവതനിര - ഹിമാദ്രി
- ഹിമാദ്രിയിൽ നിന്ന് ഉത്ഭവിക്കുന്ന രണ്ട് നദികൾ - ഗംഗ, യമുന
- ലോകത്തെ ഉയരംകൂടിയ 10 കൊടുമുടികളിൽ ഒൻപതും സ്ഥിതിചെയ്യുന്നത് - ഹിമാദ്രിയിൽ
- മൗണ്ട് എവറസ്റ്റ്, കാഞ്ചൻജംഗ, നംഗ പർവതം എന്നീ പർവതനിരകൾ ഹിമാദ്രിയിലാണ് സ്ഥിതി ചെയ്യുന്നത്.
- ലോകത്തിലെ ഏറ്റവും അപകടകാരിയായ പർവത നിര - അന്നപൂർണ്ണ

- **ഹിമാചൽ**

- ഹിമാദ്രിയ്ക്ക് തെക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന പർവതനിര - ഹിമാചൽ
- ഹിമാദ്രിക്കും സിവാലിക്കിനും ഇടയിലായി സ്ഥിതി ചെയ്യുന്നത് - ഹിമാചൽ
- 'ലെസ്സർ ഹിമാലയ' എന്നറിയപ്പെടുന്ന പർവതനിര - ഹിമാചൽ
- ഹിമാചലിലെ പ്രധാന പർവതനിരകൾ - പീർപാഞ്ചൽ, ദൗലദാർ, മഹാഭാരത പർവതനിരകൾ

- ഹിമാചലിലെ ഏറ്റവും വലിയ പർവതനിര - പീർപാഞ്ചൽ

- കാശ്മീർ, കുളു, കാംഗ്ര എന്നീ താഴ്‌വരകൾ സ്ഥിതി ചെയ്യുന്നത് - ഹിമാചലിൽ

- പീർപാഞ്ചൽ പർവതനിരയ്ക്കും ഹിമാദ്രിക്കുമിടയിൽ സ്ഥിതിചെയ്യുന്ന താഴ്‌വര - കാശ്മീർ താഴ്‌വര

- കാശ്മീർ താഴ്‌വര രൂപപ്പെടുത്തുന്ന നദി - ഝലം
- ദൈവങ്ങളുടെ താഴ്‌വര എന്ന് വിശേഷിപ്പിക്കുന്നത് - കുളു
- കുളു, മണാലി താഴ്‌വരകളിലൂടെ ഒഴുകുന്ന നദി - ബിയാസ്
- ഗ്രേറ്റ് ഹിമാലയൻ നാഷണൽ പാർക്ക് സ്ഥിതി ചെയ്യുന്ന താഴ്‌വര - കുളു
- മണികരൺ ഗെയ്സർ സ്ഥിതിചെയ്യുന്ന താഴ്‌വര - കുളു
- 'മനുവിൻ്റെ വാസസ്ഥലം' എന്നറിയപ്പെടുന്ന താഴ്‌വര - മണാലി
- ഹിമാലയൻ പിരമിഡ് എന്നറിയപ്പെടുന്ന മസ്റൂർ റോക്ക്കട്ട് ക്ഷേത്രം സ്ഥിതി ചെയ്യുന്ന താഴ്‌വര - കാൻഗ്ര
- ഹിമാചലിലെ ഒരു പ്രധാന ചുരം - റോഹ്ടാങ് ചുരം (ഹിമാചൽ പ്രദേശ്)
- സിംല, മസൂറി, നൈനിറ്റാൾ, അൽമോറ, ഡാർജിലിംഗ് എന്നീ സുഖവാസകേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നത് - ഹിമാചലിൽ
- സുഖവാസകേന്ദ്രങ്ങളുടെ റാണി - മസൂറി

  (സുഖവാസകേന്ദ്രങ്ങളുടെ രാജകുമാരി - കൊടൈക്കനാൽ)

- 'Meadow of Gold' (സ്വർണപുൽമേട്) എന്നറിയപ്പെടുന്ന സുഖവാസകേന്ദ്രം - സോനാമാർഗ്
- ഹിമാചലിൽ കാണപ്പെടുന്ന പുൽമേടുകൾ -മെർഗ് (കാശ്മീർ), ബുഗ്യാൽ/പയാർ (ഉത്തരാഖണ്ഡ്)

- പൈൻ, ഓക്ക്, ദേവദാരു, ഫിർ എന്നീ മരങ്ങൾ കാണപ്പെടുന്നത് - ഹിമാചലിൽ

- **സിവാലിക്**

- ഹിമാലയൻ നിരകളിൽ ഏറ്റവും തെക്ക് ഭാഗത്ത് കാണപ്പെടുന്ന ഉയരം കുറഞ്ഞ പർവതനിരകൾ - സിവാലിക്
- സിവാലിക് നിരകളുടെ ശരാശരി ഉയരം- 1220 മീറ്റർ
- ഗംഗാ സമതലവുമായി ചേർന്നുകിടക്കുന്ന ഹിമാലയത്തിന്റെ ഭാഗം - സിവാലിക്
- ഭൂകമ്പങ്ങളും ഉരുൾപൊട്ടലും കൂടുതലായി അനുഭവപ്പെടുന്ന ഹിമാലയൻ പർവ്വതനിര - സിവാലിക്
- സിവാലിക് പ്രദേശത്ത് കാണപ്പെടുന്ന കൃഷി രീതി - തട്ടുതട്ടായുള്ള കൃഷിരീതി
- 'ശിവന്റെ തിരുമുടി' എന്നർത്ഥം വരുന്ന പർവത നിര - സിവാലിക്
- ഔട്ടർ ഹിമാലയം എന്നറിയപ്പെടുന്ന പർവതനിര - സിവാലിക്
- സിവാലിക് മലനിരകൾക്ക് സമാന്തരമായി 8 മുതൽ 10 കിലോമീറ്റർ വരെ പാറ കഷ്ണങ്ങളാൽ നിറഞ്ഞ ഇടുങ്ങിയ പ്രദേശം - ഭാബർ (Bhabar)
- സിവാലികിന്റെ താഴെ നദികളും അരുവികളും അപ്രത്യക്ഷമാകുന്ന പാറകളും കളിമണ്ണും നിറഞ്ഞ പ്രദേശം - ഭാബർ

- ഭാബർ പ്രദേശത്തിന് തെക്കായി (10 മുതൽ 20 കിലോമീറ്റർ വരെ) സസ്യജാലങ്ങൾ തഴച്ച് വളരുന്ന ചതുപ്പ് പ്രദേശം - ടെറായ് (Terai)
- ഭാബർ പ്രദേശത്ത് അപ്രത്യക്ഷമാകുന്ന ജലപ്രവാഹം വീണ്ടും ഉപരിതലത്തിൽ ദൃശ്യമാകുന്ന പ്രദേശം - ടെറായ്
- ദുധ്വ ദേശീയോദ്യാനം (ഉത്തർ പ്രദേശ്) സ്ഥിതി ചെയ്യുന്ന പ്രദേശം - ടെറായ്
- സിവാലിക് നിരകളിൽ കൃഷി ചെയ്യുന്ന വിളകൾ - നെല്ല്, ഉരുളക്കിഴങ്ങ്, ചോളം
- സിവാലിക് പർവതനിരയ്ക്ക് ലംബമായി നീളമേറിയതും വിസ്തൃതവുമായ താഴ്വര - ഡൂണുകൾ (Dunes)
- പ്രധാന ഡൂണുകൾ - ഡെറാഡൂൺ, കോട്ലി ഡൂൺ, പട്ലി ഡൂൺ
- ഏറ്റവും വലിയ ഡൂൺ - ഡെറാഡൂൺ
- ഡൂൺസ് താഴ്വരയിലെ പ്രധാന വൃക്ഷം - സാൽമരങ്ങൾ

❖ **കിഴക്കൻ മലനിരകൾ/പൂർവാചൽ**

- ഉത്തര പർവതമേഖലയിലെ വടക്ക് കിഴക്കൻ മല നിരകളിൽ (പൂർവാചൽ) സ്ഥിതി ചെയ്യുന്ന പ്രധാന കുന്നുകൾ അറിയപ്പെടുന്ന വിവിധ പ്രാദേശിക നാമങ്ങൾ - നാഗാ കുന്നുകൾ, (നാഗാലാൻ്റ്), മണിപ്പൂർ കുന്നുകൾ, ത്രിപുര കുന്നുകൾ, ഗാരോ കുന്നുകൾ (മേഘാലയ) ഖാസി

- ഉത്തര പർവത മേഖലയിൽ നിബിഡമായ ഉഷ്ണ മേഖലാ മഴക്കാടുകൾ കാണപ്പെടുന്നത് - കിഴക്കൻ മലനിരകളിൽ
- നാഗാകുന്നുകളിലെ ഉയരം കൂടിയ കൊടുമുടി - സരാമതി കൊടുമുടി
- ലുഷായ് കുന്നുകൾ, മിസോ ഹിൽസ് എന്നിവ സ്ഥിതി ചെയ്യുന്ന സംസ്ഥാനം - മിസോറാം
- മിസോറാമിലൂടെ ഒഴുകുന്നത് മേഘ്ന നദിയുടെ പോഷകനദി - ബരാക്ക് നദി
- മൗസിൻറാം സ്ഥിതിചെയ്യുന്ന മലനിര - ഖാസി
- അരുണാചൽ പ്രദേശിനും മ്യാൻമാറിനും ഇടയിൽ അന്താരാഷ്ട്ര അതിർത്തിയായി നിലകൊള്ളുന്ന പർവ്വത ഭാഗം - പത്കായ്ഭം
- മണിപ്പൂരിനും മ്യാൻമാറിനും ഇടയിൽ അന്താരാഷ്ട്ര അതിർത്തിയായി നിലകൊള്ളുന്ന കുന്നുകൾ - മണിപ്പൂർ കുന്നുകൾ
- ഇന്ത്യയ്ക്കും മ്യാൻമാറിനും ഇടയിൽ നീർമറി (Watershed) ആയി നിലകൊള്ളുന്ന കുന്നുകൾ - പത്കായ്ഭം, നാഗാ കുന്നുകൾ
- മ്യാൻമറിൽ സ്ഥിതിചെയ്യുന്ന ഹിമാലയത്തിന്റെ ഭാഗമായിട്ടുള്ള പർവ്വത നിര - അരക്കൻയോമ
- നദീതാഴ്വരകളെ അടിസ്ഥാനമാക്കി സർ സിഡ്നി ബർണാഡ് ഹിമാലയത്തെ 4 വിഭാഗങ്ങളായി തിരിച്ചി ട്ടുണ്ട് - പഞ്ചാബ് ഹിമാലയം, നേപ്പാൾ ഹിമാലയം, കുമയൂൺ ഹിമാലയം, ആസ്സാം ഹിമാലയം